## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1202** **04.02.2019 -ൽ മറുപടിയ്ക്ക്**

### ഹൈടെക് പഠന സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.യു.ആർ.പ്രദീപ്** | പ്രൊഫ: സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികളിൽ ഹൈടെക് പഠന സൗകര്യം ഏർപ്പെടുത്തിയതു പ്രകാരം സംസ്ഥാനത്താകെ എത്ര ക്ലാസ് മുറികളിൽ ഹൈടെക് പഠനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്; | എ) സംസ്ഥാനത്ത് 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയും അടച്ചുറപ്പും വൈദ്യുതി സൗകര്യവുമുള്ള 40087 ക്ലാസ് മുറികൾ ഹൈടെക് ആക്കിയിട്ടുണ്ട്. ഉപകരണങ്ങൾ മൗണ്ട് ചെയ്ത് ഉപയോഗിക്കുന്നതിന് അടച്ചുറപ്പില്ലാത്ത ക്ലാസുകളിൽ പഠിക്കുന്ന (ഹൈടെക് ആക്കാൻ കഴിയാത്ത) കുട്ടികൾക്കും പദ്ധതിയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിന് 3163 ലാപ് ടോപ്പ്, 2196 പ്രൊജക്ടർ എന്നിവ സ്കൂളുകൾക്ക് പൊതുവായും നൽകിയിട്ടുണ്ട്. |
| ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ; | ബി) ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനായി കിഫ്ബി 493.5 കോടി രൂപ (നാനൂറ്റി തൊണ്ണൂറ്റിമൂന്ന് കോടി അൻപത് ലക്ഷം രൂപ )അനുവദിച്ചിട്ടുണ്ട്. ഇതിൽ 311.02 കോടി രൂപ (മുന്നൂറ്റി പതിനൊന്ന് കോടി രണ്ട് ലക്ഷം രൂപ) ഇതുവരെ കിഫ്ബി വഴി ചെലവഴിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്തെ എൽ.പി, യു.പി, സ്കൂളുകളിലെ ക്ലാസ് മുറികളിലും ഹൈടെക് പഠനസൗകര്യം ലഭ്യമാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഡി . പി . ആർ തയ്യാറാക്കിയിട്ടുണ്ടോ; ഇതുപ്രകാരം എത്ര ക്ലാസ് മുറികൾ ഹൈടെക് പഠന സൗകര്യമുള്ളതായി മാറും; വിശദമാക്കുമോ; | സി) ഉണ്ട്.സംസ്ഥാനത്തെ എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും ഹൈടെക് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) മുഖാന്തിരം വിശദമായ പദ്ധതിരേഖ(ഡി.പി.ആർ) തയ്യാറാക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| ഡി) ഇതിനായി എത്ര കോടി രൂപ ചെലവ് വരുമെന്നും, ഇത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | ഡി) 300 കോടി രൂപയുടെ പദ്ധതിയ്ക്കാണ് ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കുന്ന കാലയളവ് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ